13/2/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **CP No. 21(2)/2022/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**(ഫയൽ നമ്പർ: 1103/SIC-G6/2022)**

**സന്നിഹിതൻ**

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീ. സിബിരാജ് എസ്. ആർ,<br>CB സദനം, കാര്യം,<br>ഇടത്തറ (പി.ഒ), കടക്കൽ,<br>കൊല്ലം. | പരാതി ഹർജിക്കാരൻ |

Vs

| | |
|---|---|
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>കുടുംബശ്രീ ജില്ലാ മിഷൻ ആഫീസ്,<br>സിവിൽ സ്റ്റേഷൻ,<br>കലക്ട്രേറ്റ്, കൊല്ലം. | എതിർകക്ഷി |

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 29/11/2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 22/12/2021 |
| കമ്മീഷനിൽ പരാതി ഹർജി നൽകിയ തീയതി | 11/01/2022 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 18/01/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 02/02/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 16/02/2022 |
| കമ്മീഷൻ ഹിയറിംഗ് നടത്തിയ തീയതി :<br>സ്ഥലം : | 29/12/2022<br>കോൺഫറൻസ് ഹാൾ, കൊല്ലം. |
| ഹിയറിംഗ് സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എതിർകക്ഷി | ഹാജരായി<br>ഹാജരായി |

**ഉത്തരവ്**

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. സിബിരാജ് എസ്. ആർ, 11/01/2022 തീയതി സമർപ്പിച്ച പരാതി ഹർജി 18/01/2022 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് CP.No. 21(2)/2022/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്കു എസ്.പി.ഐ.ഒ മറുപടി ലഭ്യമാക്കിയില്ല എന്ന ആക്ഷേപമാണ്.

3. പരാതി ഹർജിക്കാരൻ 29/11/2021 തീയതി എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ താഴെപ്പറയുന്ന വിവരങ്ങളാണ് ആവശ്യപ്പെട്ടത്:

1. കേരള ചിക്കൻ ഔട്ട്ലറ്റ് അനുവദിയ്ക്കുന്നതുമായി ബന്ധപ്പെട്ട് കടയ്ക്കൽ നിന്നും എത്ര അപേക്ഷകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും, റിപ്പോർട്ട ചെയ്തിരിക്കുന്ന തീയതി അപേക്ഷകളുടെ പകർപ്പും
2. ഇതുവരെ എത്ര അപേക്ഷകൾ നിരസിച്ചിട്ടുണ്ടെന്നും ഉണ്ടെങ്കിൽ അവ ഏതെല്ലാം മെന്നും
3. അഞ്ചൽ ഔട്ട്ലെറ്റ് പരിഗണിയ്ക്കുമ്പോൾ ചാർജ്ജിൽ ഉണ്ടായിരുന്ന ഉദ്യോഗ സ്ഥൻ ആരെന്നും
4. 01/08/2021 ശേഷം എത്ര ഔട്ട്ലെറ്റുകൾ നൽകിയിട്ടുണ്ടെന്നും, അവയുടെ അപേക്ഷ തീയതി, അനുവദിച്ച തീയതിയും, ആരംഭിച്ച തീയതിയും മറ്റുമായി 7 ഇനം വിവര ങ്ങൾ ലഭ്യമാക്കണമെന്നാണ്.

മേൽ പറഞ്ഞ അപേക്ഷയ്ക്ക് 22/12/2021-ന് മറുപടിയും നൽകിയിട്ടുണ്ട്.

4. എതിർകക്ഷി 14/02/2022-ൽ കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ 29/11/2021-ലെ അപേക്ഷയ്ക്ക് 22/12/2021-ലെ 594/കെ1/2014/കെ.എസ്.കെ. എൽ.എം നമ്പർ കത്ത് പ്രകാരം മറുപടി നൽകിയിട്ടുണ്ടെന്നും, ടി കത്ത് 24/12/2021-ൽ ടി ഓഫീസിൽ നിന്നും ടിയാന് തപാൽ മുഖാന്തിരം അയച്ച് കൊടുത്തിട്ടുണ്ടെന്നും, ടിയാന്റെ അപേക്ഷ, ആയതിന് നൽകിയ മറുപടി, തപാൽ രജിസ്റ്റർ പേജ് എന്നിവയുടെ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ടെന്നും, മേൽ അപേക്ഷ പ്രകാരം ടിയാൻ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പുകൾക്ക് നാളിതുവരെ തുക ഒടുക്കുകയോ ആയത് സംബന്ധിച്ച വിവരം ടിയാൻ കുടുംബശ്രീ ജില്ലാ മിഷൻ ഓഫീസിനെ അറിയിക്കുകയോ ചെയ്തിട്ടില്ലെന്നുമാണ്. ആയത് സമർപ്പിക്കുന്ന മുറയ്ക്ക് ടി വിവരങ്ങൾ ടിയാന് നൽകുന്നതാണെന്നുമാണ്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും ഹർജിക്കാരന് ഒരിക്കൽ കൂടി മറുപടി നൽകണമെന്നു എതിർകക്ഷിയ്ക്ക് 29/12/2022-ന് നടന്ന ഹിയറിംഗിൽ കമ്മീഷൻ നിർദ്ദേശം നൽകുകയുണ്ടായ സാഹചര്യത്തിൽ ടി ഹർജിയിന്മേൽ തുടർനടപടികൾ ആവശ്യമില്ലെന്ന് ഉത്തരവാകുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2023 ജനുവരി 30-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

AV